"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം നഗരസഭയിലെ 'മുണ്ടുപറമ്പ ഏരിയ' വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്**

സ.ഉ.(കൈ) നം.105/2025/LSGD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 21.05.2022 -ലെ സ. ഉ. (കൈ)നം. 109/2022/തസ്വഭവ സർക്കാർ ഉത്തരവ്
2. മലപ്പുറം നഗരസഭ കൗൺസിലിന്റെ 12.08.2022-ലെ 2 - ാം നമ്പർ കൗൺസിൽ തീരുമാനം
3. 17.07.2024 ലെ 2275 - ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള PW2-11808/21 നമ്പർ വിജ്ഞാപനം
4. 26.10.2024 ലെ മലപ്പുറം നഗരസഭ സെക്രട്ടറിയുടെ 1258886-2024 നമ്പർ കത്ത്
5. 24.01.2025 ലെ ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) -ന്റെ .LSGD/PD/40026/2024-TCPB4നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം നഗരസഭയിൽ നിലവിലുണ്ടായിരുന്ന അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ 'മുണ്ടുപറമ്പ ഏരിയ' പുനരവലോകനം ചെയ്യുന്നതിന് സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം മേഖലാ നിയന്ത്രണത്തിൽ വ്യതിയാനം വരുത്തുന്നതിന് പരാമർശം (2) പ്രകാരം മലപ്പുറം മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. അപ്രകാരം വ്യതിയാനം വരുത്തിയ കരട് വിശദ നഗരാസൂത്രണ പദ്ധതി, പരാമർശം (3) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 'മുണ്ടുപറമ്പ ഏരിയ' വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന്റെ കരട്, പരാമർശം പ്രകാരം മലപ്പുറം നഗരസഭ കൗൺസിലിന്റെ യോഗത്തിൽ അംഗീകരിക്കുകയും ആയതിന് സർക്കാരിൽ നിന്നും അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി മലപ്പുറം നഗരസഭ സെക്രട്ടറി, പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ പ്രകാരം സമർപ്പിച്ച 'മുണ്ടുപറമ്പ ഏരിയ' വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് വ്യതിയാനത്തിന്, കേരള നഗരഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46(5), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി

രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരമുള്ള അന്തിമ സർക്കാരനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മലപ്പുറം നഗരസഭയിലെ 'മുണ്ടുപറമ്പ ഏരിയ' വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 46 (5), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരമുള്ള അന്തിമ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016 -ന്റെ വകുപ്പ് 46(6), കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021-ന്റെ ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം (ചീഫ് ടൗൺ പ്ലാനർ മുഖേന)
സെക്രട്ടറി, മലപ്പുറം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (RD2/51/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 26-06-2025 14:13:19